No. 09/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ കുടുംബ സംവിധാനത്തിലും സാമൂഹ്യക്രമത്തിലും അതിവേഗം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ശാസ്ത്ര സാങ്കേതിക രംഗത്തും സാമൂഹ്യ സാംസ്ക്കാരിക രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങളുടെ ഗതിവേഗമനുസരിച്ച് ആധുനിക തലമുറയേയും നാം സജ്ജരാക്കേണ്ടതുണ്ട്. വളർന്നു വരുന്ന തലമുറയ്ക്ക് ദൈവം നൽകിയിരിക്കുന്ന താലന്തുകളെ മൂല്യാധിഷ്ഠിതമായി വികസിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ജീവിതനൈപുണ്യ (life skills) പരിശീലനം അങ്ങേയറ്റം ആവശ്യമായിത്തീർന്നിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ സഭാ മാനവശാക്തീകരണ ശുശ്രൂഷ (Ministry of Human Empowerment) ഈ വർഷം ആ ദിശയിലുള്ള ഒരു പരിശ്രമം നടത്തുകയാണ്. **നൂറുമേനി** - എന്ന നാമധേയത്തിൽ നടത്തുന്ന ഈ ജീവിതനൈപുണ്യ പരിശീലന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര ഓഫീസിൽ നിന്നും നിങ്ങളെ അറിയിക്കുന്നതാണ്. സഭാമക്കളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അവതരിപ്പിക്കുന്ന ഈ പദ്ധതി ഓരോ ഇടവകയിലും ആദ്ധ്യാത്മിക സംഘടനകളുടെ, വിശേഷിച്ച് സൺഡേസ്ക്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം ഇവയുടെ, നേതൃത്വത്തിൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

ഇതോടൊപ്പം, നിയമമേഖലയിൽ സേവനമനുഷ്ഠിക്കുന്ന സഭാമക്കൾക്കായി സഭയുടെ ഒരു പൊതുവേദി സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അഭിഭാഷകർ, ന്യായാധിപൻമാർ തുടങ്ങി നിയമമേഖലയുമായി ബന്ധപ്പെട്ടവരെയെല്ലാം ഉൾപ്പെടുത്തി **ഓർത്തഡോക്സ് ലോയേഴ്സ് ഫോറം (Orthodox Lawyer's Forum)** ഈ വർഷം നാം രൂപീകരിക്കുകയാണ്. ഓരോ ഇടവകയിൽ നിന്നും ഈ ഗണത്തിൽപ്പെട്ടവർ അവരുടെ വിവരങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ മാനവശാക്തീകരണ വിഭാഗം കേന്ദ്ര ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 ജനുവരി മാസം 17-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.